പിന്നോക്കസമുദായ എൻകപയറി കമ്മിറ്റി

*ഇവ. (൪൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായോദ്ധാരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പിന്നോക്കസമുദായ എൻകപയറി കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ ഗവണ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം;

(ബി) ഇതിൽ കൊച്ചി ഡിവിഷനിൽ പെട്ടവർ എത്രയെന്നും ആരെല്ലാമെന്നും പറയുമോ?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) പിന്നോക്കഡമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൽനിന്നും സഹായധനം നൽകിവരുന്ന പിന്നോക്കസമുദായങ്ങളുടെ വകയായ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കാനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. അതിലെ അംഗങ്ങൾ താഴെ പറയുന്നവരാകുന്നു:—

ക. ശ്രീ. ഈ. ഭാസ്കരൻ — എം. എൽ. എ.
ഖ. ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞ് — ,,
ഗ. ശ്രീ. കെ. കുട്ടപ്പൻ — ,,
ഘ. ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി — ,,
ങ. ശ്രീ. ആർ. അച്യുതൻ — ,,

(ബി) ഇതിൽ കൊച്ചി ഡിവിഷനിൽ പെട്ടവർ ആരുമില്ല.

ഗിരിവർഗ്ഗക്കാർ

*ഇൻ. (൪൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായോദ്ധാരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിയിൽ ഗിരിവർഗ്ഗക്കാരിൽ എത്തെല്ലാം സമുദായക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) അവരുടെ ഉദ്ധാരണത്തിനായി ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഗിരിവർഗ്ഗക്കാരുടെ പട്ടികയിൽപ്പെട്ട സമുദായങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) ഉണ്ട്. ഗിരിവർഗ്ഗക്കാരുടെ ഉദ്ധാരണത്തിനായി ഗവണ്മെൻറിൽ നിന്നും ചെയ്യുന്ന പ്രവർത്തനങ്ങളുടെ പട്ടിക മേശപ്പുറത്തുവച്ചിരിക്കുന്നു.

The following items constitute the main activities of the department towards ameliorative measures for which the scheduled castes and the Hill tribes are eligible.—

i. Assignment of land
ii. Establishment of colonies, settlements and house sites.
iii. Construction of common buildings. *e. g.* Bhajana mutts, prayer halls, library and reading rooms etc.
iv. Sinking of wells.
v. Provision of burial grounds.

LIBRARY ARCHIVES Kerala Legislative Assembly